എൻ.ആർ.ഇ.പി.-ആർ.എൻ.ഇ.ജി.പി. പദ്ധതിപ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണി

21 (*544) ശ്രീ. ടി. പി. എം. സാഹീർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. - ആർ. എൻ. ഇ. ജി. പി. പദ്ധതിപ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എം.ജി.എസ്.വൈ.ലോ എസ്.ജി.ആർ.വൈ.ലോ എന്തെങ്കിലും സ്കീം ഇതിന് വേണ്ടി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന വില്ലേജ് റോഡ് മെയിന്റനൻസ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്തെ നിലവിലുള്ള ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സംവിധാനമുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി ജില്ലാ കളക്ടർമാരാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) പി.എം.ജി.എസ്.വൈ. പൂർണ്ണമായും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് എസ്.ജി.ആർ.വൈ. പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ 15% ഗ്രാമീണ മേഖലകളിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള സാമൂഹ്യ ആസ്തികളുടെ പരിപാലനത്തിനായി നീക്കിവയ്ക്കാനുള്ള വ്യവസ്ഥ നിലവിലുണ്ട്.

എയ്ഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ

22 (*545) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഈ പ്രോജക്ടുകളുടെ മേൽനോട്ടം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ആയതിനുള്ള ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നതെന്നും പ്രസ്തുത ഏജൻസിയുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എയ്ഡ്സ് പ്രതിരോധത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ആയതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും വിശദമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു†.

(ബി) പ്രോജക്ടുകളിൽ ഭൂരിഭാഗവും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 6 പ്രോജക്ടുകൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നേരിട്ട് നടത്തുന്നു. സൊസൈറ്റി നേരിട്ട് നടത്തുന്ന പ്രോജക്ടുകൾക്കുള്ള തുക ലോകബാങ്കിൽ നിന്നും മറ്റുള്ളവയ്ക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റിൽ നിന്നുമാണ് ലഭിക്കുന്നത്. ഈ രണ്ട് തുകകളും ഭാരത സർക്കാരിന്റെ ആരോഗ്യ കുടുംബ ക്ഷേമവകുപ്പിലെ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴിയാണ് ലഭിക്കുന്നത്.

എച്ച്.ഐ.വി. അണുബാധ ഉണ്ടാകാൻ കൂടുതൽ സാദ്ധ്യതയുള്ള ജന വിഭാഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നുള്ള പ്രവർത്തനങ്ങളുടെ ഏകോപനം, അവയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ശരിയായ സേവനം നൽകാൻ പ്രാപ്തരാകുവാനുള്ള പരിശീലനം നൽകൽ, മറ്റ് ഏജൻസികളുമായുള്ള സഹകരണം, കണക്കുകളുടെ പ്രാഥമിക പരിശോധന, വാർഷിക ഓഡിറ്റ് എന്നിവയാണ് സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയുടെ ചുമതലകൾ, കൂടാതെ പ്രോജക്ടുകൾ കാലക്രമേണ സ്വയംപര്യാപ്തമാകാനുള്ള ചുറ്റുപാടുകൾ ഉണ്ടാക്കുക എന്നതും എസ്.എം.എ.യുടെ ചുമതലയിൽപ്പെടുന്നു.

(സി) കേരളത്തിൽ എയ്ഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു†. 1999-ൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നിലവിൽ വന്നശേഷം നാളിതുവരെ 3,135 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗോശ്രീ പദ്ധതി

23 (*546) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോശ്രീ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾക്കൊള്ളുന്നത് ;

(ബി) ഇതിനുവേണ്ട മതിപ്പ് ചെലവെത്രയാണ് ;

(സി) പ്രസ്തുത തുക എപ്രകാരമാണ് കണ്ടെത്തുന്നത് ;

---

† അനുബന്ധം III, III എ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[15-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 22 (*545)-ന്റെ ഉത്തരം ദയവായി കാണുക]

PARTNER NGOs OF PSH PROJECT, KERALA

TRIVANDRUM DISTRICT

Sl. No.	Project
(1)	(2)
1.	SOMA Social Organisation for Mental Health Action, Sexual Health Project, 26, Ambala Nagar, Ambalamukku, Kowdiar P.O., Trivandrum-3
2.	SEVANA TC 27/2094, West Chirakulam Road, 3rd left lane in state-General Hospital Road, GPO, Trivandrum-695001
3.	Partners Forum Kerala Flat No-2B, Pooja Appartments, Trivandrum-12
4.	SINDRP PSH Project Society for Integrated Development to Rural People Aiswarya, Nilamel, Opposite Rajayoga Centre, Neyyattinkara, Trivandrum
5.	CIDA Comprehensive Intervention for Development Action House No.4, A-Street, Belheaven Gardens, Kowdiar, Trivandrum

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
KOLLAM DISTRICT	
6.	World vision, Punalur Near Shankers Hospital, Vettipuzha, Punalur - 691305
7.	Kerala Association for Social & Womens Welfare (KASWW) Star Complex, Vellayittambalam, Kollam - 12
8.	KRDA (Kerala Rural Development Agency) Karunagapally, Kollam - 690 544
9.	AKYC (All Kerala Youth Centre) Opp. Gokulam Chit fund, Chantamukku, Kottarakkara, Kollam
ALLEPPEY DISTRICT	
10.	Alleppey PSH Project Ottathengil Building, Near Evangelichal Church, MO Ward, Alleppey - 1
11.	EYM (Eramathoor Youth Movement) MMXX/119, Anjilimoottil Building, Near Pulimood Junction, Mavelikkara, Alleppey
12.	KVM PSH Project K. Velayudhan Memorial Trust, PB No. 30, Cherthala - 688 525 Alleppey
PATHANAMTHITTA DISTRICT	
13.	Sanjeevani ISH Project Kodumon Grama Vikasana Samithy, II Floor, L&L Building, Mamukku, Pazhavangadi P.O., Ranny, Pathanamthitta - 689673
14.	Naranganam Rural Development Society Chaitanya, TB Road, Pathanamthitta

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
15.	Nazareth ISH Project Nazareth Ashramam, Othara P.O. Pathanamthitta
16.	Thiruvalla PSH Project World vision of India, Thirumoolapuram P.O., Thiruvalla Pathanamthitta - 689 115
IDUKKI DISTRICT	
17.	Anakkara Vikasana Sangam (AVS) Anakkara P.O., Kumili, Idukki - 685 512
18.	Solidarity Movement of India Nadupurackal Buildings, Victory Junction, Adimali, Idukki - 685 561
19.	Centre for Appropriate Development (CEFAD) Near Town Church, Pulimoottil Buildings, Opp. Nehru Yuva Kendra, Thodupuzha - 685 584
KOTTAYAM DISTRICT	
20.	Jawaharlal Memorial Social Welfare & Public - Co-operation Centre, Thalayolaparambu P.O., Kottayam - 686 605
21.	KVHS ISH Project Happy Nok, Opp. Taluk Hospital, Kunnubhagam, Kanjirappally, Kottayam
22.	Sandhya ISH Project Kappalumackal Cottage, Near Ponkunnam Bridge, Pala Kottayam - 686 575
ERNAKULAM DISTRICT	
23.	Ashraya IMA Blood Bank 39/2450 warriom Road Ernakulam - 682 016

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
24.	CAPS 29/940 A, Shine Road, Vytila, Cochin - 682 019
25.	R.C.T.C. Maliakkal Buildings, Nirmala College Junction Moovattupuzha - 686 661
26.	Kaladi PSH Project Sree Sankaracharya University of Sanskrit, Sree Sankarapuram Kalady P.O., Ernakulam - 683 574
27.	CAP PSH Project Cultural Academy for Peace, North Janatha Road, Palarivattom, Cochin
28.	Sarang PHS Project South Pipeline, Palarivattom Cochin - 682 025
PALAKKAD DISTRICT	
29.	Palakkad District Health & Family Welfare- Co-Operative Society, Nenmara P.O., Palakkad
30.	Lions Club of Valayar Vali C-16-14(5), Leela Complex, Kanchikode West, Palakkad - 678007
31.	DLM PSH Project Palakkad District Literacy Mission, Palakkad
32.	Palakkad Junior Champer 12/623, Karala Street Palakkad - 678 001
33.	Kerala Gandhi Smaraka Nidhi KGSN PSH Project, Behind Muncipal Office, Shornur P.O., Palakkad

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
THRISSUR DISTRICT	
34.	Tropical Health Foundation of India X/574, Manikkathepadi Road, East Nada, Guruvayoor P.O., Thrissur - 680 101
35.	Evangelical Social Action Forum (ESAF) VIII-350-15, OK John Memorial Building Mission Quarters, Ikkanda Warrier Road Junction, Thrissur - 1
36.	CORDS ISH Project 1st Floor, Co-op. Bank Building, Chetakkulam, Potta P.O., Chalakkudy, Thrissur - 680722
MALAPPURAM DISTRICT	
37.	Kudumbasree PSH Project Panchayat Shopping Complex, Near Bus Stand, Chandhakunnu P.O., Nilamboor 679 342
38.	Rotary PSH Project Rotary Club of Perinthalmanna, Rotary Vocational Training Centre, Thanneer Pandal, Perinthalmanna - 679 322
39.	Nehru Yuva Kendra Civil Station, Malappuram
40.	Association for Welfare of Handicapped M Square Complex, Pavamani Road Calicut
WAYANAD DISTRICT	
41.	HILDA PB No. 9, Mysore Road, Sulthan Bathery, Wayanad
CALICUT DISTRICT	
42.	Vanitha Society PSH Project 1/2684, Santhinagar Colony, West Hill P.O., Calicut - 5

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
43.	IYA Indian Youth Association Centre, Room No. 102, Zaina Building, West Hill P.O., Calicut - 673 001
44.	Health Action PSH Project Rural Development Society, Millath Mahal, Cheruvadi, Mukkam, Calicut
45.	SNEHA 1st Floor, Opp. Ceeyam Bus Stop, V.O. Road, Vadagara - 673 101
KANNUR DISTRICT	
46.	Jeevana Samskrithy 1st Floor, Sree mahal, Talap P.O., Kannur - 2
47.	Navajyothi PSH Project Falcon Plaza, Nerumpakku Road, Iritty, Kannur
48.	Malabar Vikasana Vedi (MVV) 206, Everset Appartments, AVK Nair Road, Thalassery Kannur - 1
KASARGODE DISTRICT	
49.	Institute of Applied Dermatology (IAD) MP, Commerical Complex, Room No. 3/137/IC, Bandari Road Kasargod
50.	PANTECH Ramanth Building, Nileswar P.O., Kasargode
51.	Nehru Yuva Kendra Civil Station, Kasargode

LIBRARY ARCHIVES Kerala Legislative Assembly

Cross Border Project

52. Enkay Foundation
206, Vashi Plaza Sector - 17, Vashi,
New Mumbai

NGO directly Funded by KSACS

1. Gandhi Smaraka Grama Seva Kendram
SL Puram, Alappuzha

2. Nehru Yuva Kendra Sangathan
NYK PSH Project, Municipality Building,
Thodupuzha, Idukki

3. Department of Community Medicine, MC Pariyaram,
Kannur

4. Institute for Rural Development (IRD)
Koottappu, Thekkupara,
Trivandrum

5. CPK+
Post Box 3359, Ernakulam,
Cochin

Care Centre

1. Markundakulam Medical Research & Rehabilitation Centre
Peryadoor, Thrissur

അനുബന്ധം III എ

[15-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 22 (*545)-ന്റെ ഉത്തരം ദയവായി കാണുക]

കേരളത്തിലെ എയ്ഡ്സ് നിയന്ത്രണ പരിപാടികൾ

ഇന്ത്യാ ഗവൺമെന്റ് ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി ആരംഭിച്ചത് 1987-ൽ ആണ്. ദി സ്ട്രാറ്റെജിക് പ്ലാൻ ഫോർ ദി പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് എയ്ഡ്സ് ഇൻ ഇന്ത്യ (എയ്ഡ്സ്-1) എന്ന പേരിൽ സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് 1992 മുതൽ 1999 മാർച്ച് മാസം വരെ ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ രണ്ടാംഘട്ടം 1999 ഏപ്രിൽ മാസം മുതൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലകളിലും സാമൂഹ്യ വിഭാഗങ്ങളിലും ഇടപെട്ട് ഭാരതത്തിൽ എച്ച്.ഐ.വി. എയ്ഡ്സ് രോഗബാധ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി സമഗ്രമായ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

1. എച്ച്.ഐ.വി. വ്യാപനം തടയുക.
2. എച്ച്.ഐ.വി.മൂലം ഉണ്ടാകുന്ന രോഗബാധയുടെ നിരക്കും മരണ നിരക്കും കുറച്ചുകൊണ്ടുവരിക.
3. എച്ച്.ഐ.വി. അണുബാധമൂലം ഉണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുക

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അഞ്ച് പ്രധാന ഘടകങ്ങളായി തിരിച്ചിരിക്കുന്നു.

1. ടാർജെറ്റഡ് ഇന്റർവെൻഷൻ, എസ്.ടി.ഡി. കോണ്ടം പ്രൊമോഷൻ
2. ഐ.ഇ.സി., ബ്ലഡ് സേഫ്ടി, വി.സി.റ്റി.സി.
3. സർവൈലൻസ്, ട്രെയിനിംഗ്
4. ലോ കോസ്റ്റ് കമ്യൂണിറ്റി കെയർ
5. ഇന്റർ സെക്ടറൽ കൊളാബറേഷൻ വിത്ത് പബ്ലിക് ആന്റ് പ്രൈവറ്റ് സെക്ടർ

ടാർജെറ്റഡ് ഇന്റർവെൻഷൻ

ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടികളുടെ ഭാഗമായി 1997 മുതൽ പാർട്ണർഷിപ്പ് ഇൻ സെക്ഷ്വൽ ഹെൽത്ത് (PSH) എന്ന പദ്ധതി കേരളത്തിൽ നടന്നുവരുന്നു. കേരളത്തിൽ രോഗസംക്രമണ സാദ്ധ്യത കൂടിയ പ്രത്യേകിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഇടയിൽ ഒരു നേരിട്ട് ഇടപെടൽ (TI) പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. സുരക്ഷിതമായ ലൈംഗിക പെരുമാറ്റ രീതികൾ പ്രചരിപ്പിക്കുന്നതിലൂടെ എയ്ഡ്സിൽ നിന്നും ലൈംഗികരോഗങ്ങളിൽ നിന്നും രക്ഷനേടാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പ്രധാനമായും സർക്കാരിതര സന്നദ്ധസംഘടനകളിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയും ആണ്.

എയ്ഡ്സ് പിടിപെടാൻ കൂടുതൽ സാദ്ധ്യതയുള്ള ജനവിഭാഗങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. എച്ച്.ഐ.വി./എയ്ഡ്സ് ലൈംഗിക രോഗങ്ങൾ, രോഗസാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

2. ലൈംഗികരോഗങ്ങൾക്കുള്ള ചികിത്സയും കൗൺസലിംഗും ലഭ്യമാക്കുക

3. ഒരു സംരക്ഷണോപാധിയെന്ന നിലയിൽ ഉറകളുടെ ഉപയോഗവും വിതരണവും വർദ്ധിപ്പിക്കുക

4. പദ്ധതിയുടെ നടത്തിപ്പിനും ലക്ഷ്യപ്രാപ്തിക്കും സഹായകരമായ സാമൂഹ്യ സാഹചര്യം സൃഷ്ടിക്കുക

ലൈംഗിക തൊഴിലാളികൾ സ്വവർഗ്ഗരതിയിൽ ഏർപ്പെടുന്ന പുരുഷന്മാർ, ദീർഘദൂര സഞ്ചാരം നടത്തുന്ന ട്രക്ക് തൊഴിലാളികൾ, തെരുവു കുട്ടികൾ, തുടങ്ങിയവരോടൊപ്പം ആരോഗ്യ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികൾ, കോളനി നിവാസികൾ, ആദിവാസി വിഭാഗങ്ങൾ എന്നിവരെല്ലാം ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അനുഭവിക്കുന്നു. നമ്മുടെ ആരോഗ്യ പരിപാലന സംവിധാനങ്ങൾ, തദ്ദേശ സ്വയ ഭരണ സ്ഥാപനങ്ങൾ, ഭരണ നിർവ്വഹണ കേന്ദ്രങ്ങൾ, സാക്ഷരതാമിഷൻ, കുടുംബശ്രീ തുടങ്ങിയ പദ്ധതികൾ സാമൂഹ്യ സന്നദ്ധ സംഘടനകൾ, സർവ്വീസ് ക്ലബ്ബുകൾ, തുടങ്ങിയ സർക്കാർ, സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ശക്തമായ ഒരു സർവ്വീസ് ശൃംഖല തീർക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഇന്ന് എല്ലാ ജില്ലകളിലുമായി പദ്ധതികൾ നടന്നുവരുന്നു. പി.എസ്.എച്ച്. (Partnership in Sexual Health) പദ്ധതിയിലൂടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതും സംസ്ഥാനതലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയാണ്. കൂടാതെ ദേശീയതലത്തിൽ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ (NACO) ഡി.എഫ്.ഐ.ഡി., ഗവൺമെന്റ് ഓഫ് യു.കെ. തുടങ്ങിയ ഏജൻസികളും ഈ പദ്ധതിയുടെ നടത്തിപ്പിന് സഹായിക്കുന്നു.

ലൈംഗികരോഗ ചികിത്സ

1. ലക്ഷ്യങ്ങൾ

ലൈംഗികരോഗ ചികിത്സ, നിയന്ത്രണ പരിപാടിയുടെ അവിഭാജ്യഘടകമാണ്. എച്ച്. ഐ. വി. അണുബാധ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ ഇതുമൂലം സഹായിക്കും. ഇതിനായി കേരളത്തിൽ എല്ലാ ജില്ലകളിലും ലൈംഗികരോഗ ചികിത്സാ കേന്ദ്രങ്ങൾ (എസ്.റ്റി.ഡി. ക്ലിനിക്സ്) പ്രവർത്തിക്കുന്നുണ്ട്. ഇന്ന് 20-ൽപ്പരം ചികിത്സാ കേന്ദ്രങ്ങളാണ് 'നാകോ'യുടെ നിർദ്ദേശപ്രകാരം കേരളത്തിൽ പ്രവർത്തിക്കുന്നത്. ഈ ചികിത്സാ കേന്ദ്രങ്ങളിലേക്ക് വേണ്ട മരുന്നുകൾ, പരിശോധനാ ഉപകരണങ്ങൾ തുടങ്ങിയവ കേരളാ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിമൂലം വിതരണം ചെയ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ഉറകളുടെ ഉപയോഗം വ്യാപിപ്പിക്കൽ

സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും ലഭിക്കുന്ന ഉറകൾ ലൈംഗികരോഗ ചികിത്സാ കേന്ദ്രങ്ങൾ വഴിയും പി.എസ്.എച്ച്. പ്രോജക്ടുകൾ വഴിയും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഏകദേശം 2500-ൽപരം വ്യവസ്ഥാപിതമല്ലാത്ത കേന്ദ്രങ്ങൾ (Non Conventional Outlets) സംസ്ഥാനത്ത് ഒട്ടാകെ കോണ്ടം വിൽപ്പന നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള വിതരണത്തിന്റെ മേൽനോട്ടം പി.എസ്.എച്ച്. പ്രോജക്ടുകൾ നടത്തുന്നു. 12 ദശലക്ഷം (1.2 മില്യൻ) ഉറകൾ സൗജന്യമായി വിതരണം ചെയ്യാൻ കഴിഞ്ഞു.

2. കുടുംബാരോഗ്യ ബോധവൽക്കരണ പരിപാടി

ഈ പരിപാടിയിൽ 15-49 വയസ്സിൽപ്പെട്ട സ്ത്രീ പുരുഷന്മാരുടെ ജനനേന്ദ്രിയ ലൈംഗിക രോഗങ്ങൾ ചികിത്സിക്കാൻ വേണ്ട സംവിധാനം ഒരുക്കിയിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും (പി.എച്ച്.സി., സി.എച്ച്.സി.) ആണ് ഈ പ്രോഗ്രാമുകൾ സംഘടിപ്പിക്കപ്പെട്ടത്.

4. ബോധവൽക്കരണ പ്രവർത്തനങ്ങൾ

ആരോഗ്യ മേഖലയിൽ അവഗണിക്കാനാവാത്ത സ്ഥാനമാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ളത്. കേരളത്തിലെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രധാനമായും ബഹുജന മാധ്യമങ്ങളെ കേന്ദ്രീകരിച്ചാണ് നടത്തുന്നത്. ഇതുകൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ വഴിയും നാടൻ കലാരൂപങ്ങൾ വഴിയും പൊതുജനങ്ങളിൽ എയ്ഡ്സിനെക്കുറിച്ച് അവബോധം ഉണ്ടാക്കുവാൻ ശ്രമിച്ചുവരുന്നു.

കൗമാരക്കാർക്കായി സംസ്ഥാനവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കുടുംബ ജീവിത വിദ്യാഭ്യാസം എന്ന പേരിലുള്ള ഒരു പരിപാടി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിവരുന്നു. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 9,11, ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഈ ക്ലാസുകൾ നൽകുന്നത്. 300-ൽപ്പരം പരിശീലനം സിദ്ധിച്ച ആളുകളാണ് ക്ലാസുകൾ നയിക്കുന്നത്. കൗമാരക്കാരുടെ ശാരീരിക മാനസിക മാറ്റങ്ങൾ, ലൈംഗിക ആരോഗ്യം തുടങ്ങിയ വിഷയങ്ങളാണ് ക്ലാസുകളിൽ പ്രതിപാദിക്കുന്നത്. ഈ വർഷം മുതൽ സംസ്ഥാനത്തെ UNAIDEO സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിച്ചിട്ടുണ്ട്.

5. രക്ഷ-സുരക്ഷിതത്വം

ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് രക്തബാങ്കുകൾ നവീകരിച്ച് സുരക്ഷിത രക്തം ആവശ്യക്കാർക്ക് നൽകുക എന്നത്. സ്വമേധയായുള്ള രക്തദാനം പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സുരക്ഷിതമായ രക്തം കൊടുക്കുന്നതിനുവേണ്ടിയുള്ള എല്ലാ പരിശോധനകളും നടത്താനുള്ള സംവിധാനങ്ങൾ ഇന്ന് എല്ലാ രക്തബാങ്കുകളിലും ഉണ്ട്. അതുകൊണ്ട് രക്തത്തിൽ കൂടി പകരുന്ന എച്ച്.ഐ.വി./എയ്ഡ്സ്, മഞ്ഞപ്പിത്തം, മലമ്പനി, ലൈംഗിക രോഗങ്ങൾ മുതലായവ സ്വീകർത്താവിന് പകരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് കേരളത്തിൽ 136 രക്തബാങ്കുകൾ ഉണ്ട്. 31 എണ്ണം സർക്കാർ തലത്തിലും 105 എണ്ണം സ്വകാര്യമേഖലയിലുമാണ് ഉള്ളത്. രക്തം ഘടകങ്ങളായി വേർതിരിക്കുന്നതിനുള്ള സംവിധാനം ആകെ 8 രക്തബാങ്കുകളിലാണുള്ളത്. സർക്കാർ തലത്തിൽ 5-ഉം സ്വകാര്യമേഖലയിൽ 3-ഉം. നാകോ, എച്ച്.ഐ.വി./എയ്ഡ്സ് പരിശോധന നടത്തുന്നതിനുള്ള കിറ്റുകൾ എല്ലാ സർക്കാർതല രക്തബാങ്കുകൾക്കും നൽകുന്നുണ്ട്.

6. വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റേഴ്സ് (വി.സി.ടി.സി)

കേരളത്തിൽ എല്ലാ ജില്ലകളിലും ഓരോ വി.സി.റ്റി.സി. എന്ന കണക്കിൽ 14 വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റേഴ്സ് ഈ വർഷം തന്നെ തുടങ്ങുവാനുള്ള നടപടികൾ എടുത്തുവരികയാണ്. തിരുവനന്തപുരം, എറണാകുളം റീജണൽ പബ്ലിക് ഹെൽത്ത് ലാബോറട്ടറികൾ, പാലക്കാട് ജില്ലാ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിലാണ് ഇപ്പോൾ നാല് വി.സി.റ്റി.കൾ പ്രവർത്തിച്ചു വരുന്നത്. ഈ കേന്ദ്രങ്ങളിലെല്ലാം തന്നെ സൗജന്യനിരക്കിൽ അതായത് 10 രൂപയ്ക്ക്, എച്ച്ഐ.വി. പരിശോധനയും ടെസ്റ്റിനു മുമ്പും ശേഷവും കൗൺസലിംഗും ലഭ്യമാണ്.

7. വ്യാപ്തി നിർണ്ണയം

കേരളത്തിൽ എച്ച്.ഐ.വി. അണുബാധിതരുടെ എണ്ണം എല്ലാ വർഷവും ഒരു സർവ്വേ നടത്തി കണക്കാക്കാറുണ്ട്. കേരളത്തിൽ എല്ലാ വർഷവും 4 കേന്ദ്രങ്ങളിലായി 1600 ഗർഭിണികളെയും മറ്റ് നാലു കേന്ദ്രങ്ങളിൽ 1000 ലൈംഗിക രോഗമുള്ളവരുടേയും രക്തം പരിശോധിച്ചാണ് ഈ കണക്ക് നിർണ്ണയിക്കുന്നത്. ഇതനുസരിച്ച് ലൈംഗികരോഗം ഉള്ളവരിൽ എച്ച്ഐ.വി. ബാധ 2.7 ശതമാനത്തിൽ നിന്നും 4.22 ശതമാനം വരെ വർദ്ധിച്ചതായും കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ എച്ച്.ഐ.വി. അണുബാധ ക്രമേണ വർദ്ധിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 70,000 മുതൽ ഒരു ലക്ഷം വരെ എച്ച്ഐ.വി. അണുബാധിതർ കേരളത്തിൽ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

8. പരിശീലനം

ദേശീയ എയ്ഡ്സ് നിയന്ത്രണത്തിന്റെ പ്രധാന പ്രവർത്തന മേഖലയാണ് പരിശീലനം നൽകൽ. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റു ആരോഗ്യപ്രവർത്തകർക്കും ട്രെയിനിംഗ് നൽകിവരുന്നു. എയ്ഡ്സിനെ പറ്റിയുള്ള അറിവും, എയ്ഡ്സ് രോഗികളെ എങ്ങനെ ചികിത്സിക്കണം, അവരോട് എങ്ങനെ പെരുമാറണം എന്നിവയും പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുവരെയായി 3500 ഡോക്ടർമാർക്കും16000 മറ്റു ആരോഗ്യപ്രവർത്തകർക്കും സർക്കാർ തലത്തിലും സ്വകാര്യമേഖലയിലുമായി പരിശീലനം നൽകി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന ചികിത്സയും മറ്റ് അനുബന്ധ സഹായവും

1. ഡ്രഗ്സ് ഫോർ ഓപ്പർച്യൂണിസ്റ്റിക് ഇൻഫെക്ഷൻസ്

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മിക്ക ജില്ലാ ആശുപത്രികളിലും എച്ച്.ഐ.വി./എയ്ഡ്സ് ബാധിച്ചവരിൽ കാണുന്ന ഓപ്പർച്യൂണിസ്റ്റിക് ഇൻഫെക്ഷൻസിനുവേണ്ട മരുന്നുകൾ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി വിതരണം ചെയ്യപ്പെടുന്നു.

2. പോസ്റ്റ് എക്സ്പോഷർ പ്രൊഫൈലാക്സി

എച്ച്ഐ.വി./എയ്ഡ്സ് രോഗികളെ ചികിത്സിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് രോഗികളിൽ നിന്ന് അണുബാധയുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഈ അവസരത്തിൽ രോഗം പകരാതെ ഇരിക്കുന്നതിനുവേണ്ടിയുള്ള മരുന്നുകൾ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി ,എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മിക്ക ജില്ലാ ആശുപത്രികളിലും, ജനറൽ ആശുപത്രികളിലും വിതരണം ചെയ്തിട്ടുണ്ട്. എയ്ഡ്സ് ബാധിതരായ രോഗികളെ ശുശ്രൂഷിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി തൃശൂരിൽ മാർ കുണ്ടുകുളം മെമ്മോറിയൽ സെന്റർ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് നൽകുന്നത് കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ്.

അനുബന്ധം IV

[15-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (*549)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട 15 താലൂക്ക് ആശുപത്രികളിൽ മാനസികാരോഗ്യ ചികിത്സാ വാർഡുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

നമ്പർ	ജില്ല	താലൂക്ക് ആശുപത്രി
(1)	(2)	(3)
1	കാസർഗോഡ്	കാസർഗോഡ്
2	കണ്ണൂർ	തളിപ്പറമ്പ്
3	വയനാട്	സുൽത്താൻബത്തേരി
4	കോഴിക്കോട്	കൊയിലാണ്ടി
5	മലപ്പുറം	തിരൂർ
6	പാലക്കാട്	മണ്ണാർക്കാട്
7	തൃശൂർ	ചാലക്കുടി

LIBRARY ARCHIVES Kerala Legislative Assembly